LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം താലൂക്കിലെ റീസർവേ നടപടികൾ

3 [3523] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഇനി ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പേരൂർക്കട, വട്ടിയൂർക്കാവ്, വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പൂർത്തീകരിച്ച റീസർവ്വേ രേഖകൾ ജനങ്ങൾക്ക് പരിശോധിക്കുന്നതിനും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) പേരൂർക്കട, വട്ടിയൂർക്കാവ് വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഉടനടി പൂർത്തീകരിക്കുന്നതിനും ജനങ്ങൾക്ക് പരിശോധനയ്ക്കായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കീഴ്തോന്നയ്ക്കൽ, പള്ളിപ്പുറം, അണ്ടൂർക്കോണം, കഠിനംകുളം, ഉളിയാഴ്ത്തുറ, വെയിലൂർ, അയിരൂപ്പാറ, കഴക്കൂട്ടം-മേനംകുളം, ആറ്റിപ്ര, ഉള്ളൂർ, കല്ലിയൂർ, വെങ്ങാനൂർ, പാങ്ങപ്പാറ, മേൽത്തോന്നയ്ക്കൽ, നേമം, തിരുവല്ലം, കുടപ്പനക്കുന്ന് എന്നീ വില്ലേജുകളിൽ റീസർവ്വേ നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) & (സി) പേരൂർക്കട, വട്ടിയൂർക്കാവ്, കടകംപള്ളി, തിരുമല, പട്ടം, കവടിയാർ, ശാസ്തമംഗലം, തൈക്കാട്, വഞ്ചിയൂർ, പേട്ട, മുട്ടത്തറ, മണക്കാട്, ചെറുവയ്ക്കൽ എന്നീ വില്ലേജുകളിൽ റീസർവ്വേ നടപടി പൂർത്തിയാക്കാനുണ്ട്. ഇതിലേക്ക് അടിയന്തിരമായി നടപടി എടുത്തുവരുന്നു.

(ഡി) ടി വില്ലേജുകളിലെ ഫീൽഡു ജോലികൾ പൂർത്തീകരിച്ച് നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ട്. ആഫീസ് ജോലി പുരോഗതിയിലാണ്.

(ഇ) ഫീൽഡ് ജോലി പൂർത്തിയാക്കിയ വില്ലേജുകളുടെ റിക്കാർഡുകൾ ജനങ്ങൾക്ക് പരിശോധിക്കുന്നതിനും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനുംവേണ്ടി നോട്ടീസ് പരസ്യപ്പെടുത്തി പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.